**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വന്യജീവികളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണം മൂലം മനുഷ്യർക്കും കൃഷിക്കുമുണ്ടായ നഷ്ടങ്ങളെ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാസറഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ കൃഷിനാശം സംബന്ധിച്ച് 380 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 284 അപേക്ഷകളിന്മേൽ (പഴയ അപേക്ഷകൾ ഉൾപ്പെടെ) 17,64,206/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരുടെ 130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 121 അപേക്ഷകളിന്മേൽ (പഴയ അപേക്ഷകൾ ഉൾപ്പെടെ) 29,87,622/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം 4 പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്. കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രണ്ട് കേസുകളിൽ മുഴുവൻ തുകയായ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാമ്പ് കടിയേറ്റ് മരണപ്പെട്ട പുതിയ അപേക്ഷയിലെ രണ്ട് കേസുകളിൽ 4 ലക്ഷം രൂപ അനുവദിക്കാനുണ്ട്. പഴയ അപേക്ഷകളിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രണ്ടുപേർക്ക് 10 ലക്ഷവും, പാമ്പുകടിയേറ്റ് മരണപ്പെട്ട 5 അപേക്ഷകളിൽ 5 ലക്ഷവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും കൃഷി നാശം സംഭവിച്ച കർഷകർക്കും നൽകിയ നഷ്ടപരിഹാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മരണപ്പെട്ടവരുടെ കുടുംബത്തിന് 35,00,000/- രൂപയും (പഴയ അപേക്ഷകൾ ഉൾപ്പെടെ) കൃഷിനാശം സംഭവിച്ച കർഷകർക്ക് 17,64,206/- രൂപയും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (സി) | വന്യജീവികളുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | കാസറഗോഡ് ജില്ലയിൽ വന്യജീവി ആക്രമണം തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. നാട്ടിലിറങ്ങുന്ന പാമ്പുകളേയും, മറ്റ് ചെറു ജീവികളേയും രക്ഷിച്ച് കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന്റെ ഭാഗമായി |

ആർ.ആർ.ടി. ശക്തിപ്പെടുത്തുകയും, പാമ്പുകളെ പിടികൂടുന്നതിന് പരിശീലനം നേടിയ തദ്ദേശീയരായ താൽക്കാലിക വാച്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുമുണ്ട്. വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സോളാർ വൈദ്യുത വേലിയും, ആന പ്രതിരോധ മതിലും, ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും കേടായ വൈദ്യുത വേലികൾ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റ പണികൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുകയും ചെയ്തു. സോളാർ വൈദ്യുത വേലിയുടെ അറ്റകുറ്റ പണികൾക്ക് ദിവസവേതന വാച്ചർമാരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. കാസറഗോഡ് ജില്ലയിൽ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് സോളാർ തൂക്ക് വേലി. ഇതിൻറെ ഭാഗമായി കാസറഗോഡ് റെയിഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് കാറഡുക്ക ബ്ലോക്കിന്റെയും, 5 ഗ്രാമ പഞ്ചായത്തുകളുടേയും സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോട് വരെ 29 കി.മീ. സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5 വർഷക്കാലംകൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ പ്രവൃത്തിക്ക് ആകെ 3.21 കോടി രൂപയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർ വരെ 8 കി.മീ. ദൂരത്തിൽ തൂക്കുവേലി നിർമ്മാണ പ്രവൃത്തി ഇതിനകം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ.), പാടി-എടക്കാനം (0.5 കി.മീ.), ശങ്കരങ്ങാനം-അത്തിയടുക്കം (8 കി.മീ.), മീനഞ്ചേരി-ബാവിക്കാനം (3 കി.മീ.), പാലാവയൽ (0.75 കീ.മീ.), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ.), റാണിപുരം-എൻ.എ. പ്ലാൻറേഷൻ (2 കി.മീ.), പരിയാരം ഖാദി-കുവക്കാട് (3 കി.മീ.), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ.) എന്നിങ്ങനെ 32.25 കി.മീ. ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കർണ്ണാടക സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൂട്ടമായെത്തുന്ന കാട്ടാനകൾ മൂലവും, കാട്ടുപന്നികൾ മൂലവും വനപ്രദേശത്തോട്ട ചേർന്ന ജനവാസമേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടുമൃഗശല്യവുമായി ബന്ധപ്പെട്ട് സമയോചിതമായ ഇടപെടൽ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന് ഒരു പരിധിവരെയെങ്കിലും

| | | | |
|---|---|---|---|
| | | | ആശ്വാസം കാണാനും വന സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതവും ഫലപ്രദവുമാക്കുന്നതിനുമായി കാസറഗോഡ് ജില്ലയിൽ കാസറഗോഡ് റെയിഞ്ചിൻറെ പരിധിയിൽ പരപ്പ, കാറഡുക്ക സെക്ഷനുകൾ ഉൾപ്പെടുത്തി പരപ്പ ആസ്ഥാനമായി പരപ്പയിലും ബന്തടുക്ക സെക്ഷൻ ഉൾപ്പെടുത്തി പാണ്ടി ആസ്ഥാനമായി ബന്തടുക്കയിലും, കാഞ്ഞങ്ങാട് റെയിഞ്ചിലെ ഭീമനടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവ ഉൾപ്പെടുത്തി കരിന്തളം ആസ്ഥാനമായി ഭീമനടിയിലും പനത്തടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവ ഉൾപ്പെടുത്തി കള്ളാർ ആസ്ഥാനമായി പനത്തടിയിലും ഓരോ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നതാണ്. മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, മനുഷ്യ വാസ മേഖലകളിൽ ശല്യം ചെയ്യുന്ന കുരങ്ങൻമാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേയ്ക്ക് മാറ്റുന്ന തിന് കാസറഗോഡ്, കാഞ്ഞങ്ങാട് റെയിഞ്ചുകളിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പോർട്ടേഷൻ കൂടുകൾ വാങ്ങുകയുണ്ടായി. കർണ്ണാടക വനാതിർത്തി പങ്കിടുന്ന ജില്ലയെന്ന നിലയിൽ അയൽ സംസ്ഥാനത്തുനിന്ന് എത്തുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയക്കുന്നതിനായി 2020-21 വർഷത്തിൽ ഓപ്പറേഷൻ ഗജ എന്ന പേരിൽ സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. നിലവിലും കാട്ടാനയുടെ വർദ്ധിച്ച ശല്യം കണക്കിലെടുത്ത് കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് അയക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശീയരായ പ്രദേശവാസികളുടെ സേവനം പ്രയോജനപ്പെടുത്തി വനം വകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് പ്രത്യേകം നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ